## മലയാള മനോരമ ആശയക്കൂട്ടായ്മ

# കുരുക്കഴിക്കാൻ വഴിയുണ്ട്

### ▸▸ ദീർഘദൂര സ്വകാര്യ ബസ് പാർക്കിങ്ങിന് മേയറുടെ ഇടപെടൽ

### ▸▸ തൊണ്ടിമുതൽ വാഹനങ്ങൾക്ക് പ്രത്യേകസ്ഥലം ഒരുക്കാൻ ധാരണ




തിരുവനന്തപുരം ● ദീർഘദൂര സ്വകാര്യ ബസുകൾക്കു പൊതു ബസ് സ്റ്റാൻഡിനു കോർപറേഷൻ സ്ഥലം കണ്ടെത്തുമെന്നു മേയർ വി.വി.രാജേഷ്. ജഗതിയിലെ ഗ്രൗണ്ട് ഉൾപ്പെടെ നഗരത്തിൽ ലഭ്യമായ സ്ഥല സൗകര്യം കോർപറേഷൻ പരിശോധിക്കും. ഒരാഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്നും മേയർ അറിയിച്ചു.

തമ്പാനൂരിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ 'മലയാള മനോരമ' സംഘടിപ്പിച്ച ആശയ കൂട്ടായ്മയിലാണ് മേയർ ഇക്കാര്യം അറിയിച്ചത്. തലസ്ഥാന നഗരത്തിലെ പൊലീസ് സ്റ്റേഷനുകളിൽ തൊണ്ടിമുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ പൊതു കേന്ദ്രവും പരിഗണിക്കുന്നുണ്ട്. വിളപ്പിൽശാലയിൽ കോർപറേഷനു കീഴിലുള്ള പഴയ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഇതിനുള്ള സൗകര്യം ഒരുക്കാനാകുമോയെന്നു പരിശോധിക്കുമെന്നും മേയർ പറഞ്ഞു. സ്ഥലം അനുവദിച്ചാൽ വാഹനങ്ങൾ അവിടേക്കു മാറ്റുന്ന കാര്യം പരിഗണിക്കുമെന്ന് സിറ്റി പൊലീസ് കമ്മിഷണർ കെ.കാർത്തിക് അറിയിച്ചു.

കോർപറേഷൻ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ ദീർഘകാല വാർഷിക പരിപാലന ചുമതലയോടെ കരാർ നൽകും. തമ്പാനൂരിൽ പലയിടങ്ങളിലായി ചിതറി കിടക്കുന്ന ഓട്ടോറിക്ഷ സ്റ്റാൻഡുകൾ യാത്രക്കാരുടെ സൗകര്യാർഥം പൊതുവായ ഒരു കേന്ദ്രത്തിലാക്കണമെന്നും കെഎസ്ആർടിസി ഡിപ്പോയിലേക്കു ബസ് കയറുന്നതും ഇറങ്ങുന്നതും ശാസ്ത്രീയമായി മാറ്റം വരുത്തണമെന്നും ആശയക്കൂട്ടത്തിൽ നിർദേശമുയർന്നു.

ഗതാഗത വകുപ്പ് മുൻ സെക്രട്ടറി ബിജു പ്രഭാകർ മോഡറേറ്ററായിരുന്നു. കോർപറേഷനിലെ എൽഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് എസ്.പി.ദീപക്, യുഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് കെ.എസ്.ശബരീനാഥൻ, തമ്പാനൂർ വാർഡ് കൗൺസിലർ ആർ.ഹരികുമാർ, തിരുവനന്തപുരം ആർടിഒ ടോജോ എം.തോമസ്, കെഎസ്ആർടിസി ഓപ്പറേഷൻസ് ഡയറക്ടർ ജി.പി.പ്രദീപ് കുമാർ, നാറ്റ്പാക് പ്രിൻസിപ്പൽ സയന്റിസ്റ്റ് വി.എസ്.സഞ്ജയ് കുമാർ, ട്രാഫിക് എസിപി ആർ.സുരേഷ് എന്നിവർ പങ്കെടുത്തു.




നഗരത്തിലെ ഗതാഗതക്കുരുക്കു പരിഹരിക്കാൻ മലയാള മനോരമ സംഘടിപ്പിച്ച ആശയക്കൂട്ടായ്മയിൽ തിരുവനന്തപുരം ആർടിഒ ടോജോ എം. തോമസ്, നാറ്റ്പാക് പ്രിൻസിപ്പിൽ സയന്റിസ്റ്റ് ഡോ. വി.എസ്.സഞ്ജയ് കുമാർ, ട്രാഫിക് എസിപി ആർ.സുരേഷ്, സിറ്റി പൊലീസ് കമ്മിഷണർ കെ.കാർത്തിക്, മുൻ കലക്ടറും ഗതാഗത സെക്രട്ടറിയുമായിരുന്ന ബിജു പ്രഭാകർ, കോർപറേഷൻ എൽഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് എസ്.പി.ദീപക്, മേയർ വി.വി. രാജേഷ്, കോർപറേഷൻ യുഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് കെ.എസ്.ശബരീനാഥൻ, തമ്പാനൂർ വാർഡ് കൗൺസിലർ ആർ.ഹരികുമാർ, കെഎസ്ആർടിസി ഓപ്പറേഷൻസ് ഡയറക്ടർ ജി.പി.പ്രദീപ് കുമാർ എന്നിവർ.








ആശയക്കൂട്ടായ്മയിൽ മുൻ കലക്ടറും ഗതാഗത സെക്രട്ടറിയുമായിരുന്ന ബിജു പ്രഭാകർ, മേയർ വി.വി. രാജേഷ്, സിറ്റി പൊലീസ് കമ്മിഷണർ കെ.കാർത്തിക് എന്നിവർ ചർച്ചയ്ക്കിടെ.

## ഗതാഗതപരിഷ്കരണ നിർദേശങ്ങൾ

### കെഎസ്ആർടിസി




- തമ്പാനൂരിൽ നിന്ന് ആരംഭിക്കുന്ന ദീർഘദൂര ബസ് സർവീസുകൾ ഈഞ്ചയ്ക്കലിലേക്കു മാറ്റണം.
- തിരുവനന്തപുരം നോർത്ത് (കൊച്ചുവേളി) റെയിൽവേ സ്റ്റേഷനു സമീപം കെ-റെയിലിനു വേണ്ടി ഏറ്റെടുത്ത ഭൂമി പ്രയോജനപ്പെടുത്തി ഈഞ്ചയ്ക്കൽ ബസ് സ്റ്റാൻഡിന്റെ തുടർച്ചയായി ഒരു മൾട്ടി മോഡൽ കണക്ടിവിറ്റി ഹബ് വികസിപ്പിക്കണം.
- കിഴക്കേക്കോട്ട ബസ് സ്റ്റാൻഡിനു പകരം തമ്പാനൂരിനെ സിറ്റി സർവീസുകളുടെ പ്രധാന ഡിപ്പോയാക്കണം. കെഎസ്ആർടിസി വർക് ഷോപ്പുകൾ പാപ്പനംകോട്ടേയ്ക്കു മാറ്റണം.
- തമ്പാനൂർ ഡിപ്പോയിലേക്ക് ബസ് പ്രവേശിക്കുന്നത് പൊന്നറ പാർക്കിനു സമീപത്തു കൂടെയും ഇറങ്ങുന്നത് ഇന്ത്യൻ കോഫി ഹൗസിനു സമീപത്തു കൂടെയുമാക്കണം.

### ജംക്‌ഷൻ വികസനം



- പൊന്നറ പാർക്കിന്റെ വിസ്തൃതി കുറയ്ക്കുകയോ പൊന്നറ ശ്രീധർ സ്മാരകം ഉചിതമായ രീതിയിൽ മാറ്റി സ്ഥാപിക്കുകയോ ചെയ്ത് ജംക്‌ഷൻ വികസിപ്പിക്കണം. ഇവിടെ ട്രാഫിക് സിഗ്നലിങ് സംവിധാനം വേണം. വെള്ളപ്പൊക്കം തടയാൻ അണ്ടർ ഗ്രൗണ്ട് വാട്ടർ ടാങ്ക് നിർമിച്ച് ആമയിഴഞ്ചാൻ തോടുമായി ബന്ധിപ്പിക്കണം.
- നിലവിലെ റൗണ്ട് എബൗട്ടുകൾ ഒഴിവാക്കി ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റും സിഗ്നലിങ് സംവിധാനവും നടപ്പാക്കണം.
- റെയിൽവേ സ്റ്റേഷന് മുന്നിൽ ടാക്സി, ഓട്ടോ, ബസ് എന്നിവയ്ക്കു വെവ്വേറെ ലൈൻ വേണം.
- തമ്പാനൂരിൽ - കിള്ളിപ്പാലം ഫ്ലൈ ഓവർ വീതി കൂട്ടണം. കിള്ളിപ്പാലം വരെ ഫ്ലൈഓവർ നീട്ടണം.
- ഡൽഹി മാതൃകയിൽ ഒന്നിലധികം എക്സിറ്റുകളുള്ള ആധുനിക ഫ്ലൈഓവറുകൾ തമ്പാനൂർ മേഖലയിൽ നടപ്പാക്കണം.
- റെയിൽവേ സ്റ്റേഷനു മുന്നിലുള്ള ഗണപതി ക്ഷേത്ര കമ്മിറ്റിക്ക് അനുയോജ്യമായ സ്ഥലം നൽകി നഗര വികസന പ്ലാനിൽ ഉൾപ്പെടുത്താം
- കിഴക്കേക്കോട്ടയിൽ കോടതി ഉത്തരവ് പ്രകാരം അനധികൃത കച്ചവടക്കാരെ ഒഴിപ്പിച്ചാൽ ഗതാഗതം കൂടുതൽ സുഗമമാക്കാം.
- ജംക്‌ഷനിലെ വിവിധ റോഡുകളിൽ നിന്നുള്ള വാഹനങ്ങൾ പരസ്പരം ക്രോസ് ചെയ്യുന്നത് ഒഴിവാക്കാൻ ശാസ്ത്രീയമായ രീതിയിൽ ചാനലൈസേഷൻ നടപ്പിലാക്കുക.
- മാഞ്ഞാലിക്കുളം റോഡ് വീതി കൂട്ടി വികസിപ്പിക്കുക.
- കിഴക്കേക്കോട്ടയിലെ ഹോമിയോ ആശുപത്രിയും സിവിൽ സപ്ലൈസ് ഗോഡൗണും മാറ്റി ആ സ്ഥലം കൂടി പ്രയോജനപ്പെടുത്തി ഒരു സ്ക്വയർ നിർമിക്കാം.

### റെയിൽവേ സ്റ്റേഷൻ



- തമ്പാനൂർ റെയിൽവേ സ്റ്റേഷൻ പവർ ഹൗസ് എൻട്രിയിൽ ഫൂട് ഓവർ ബ്രിജിലേക്കു ലിഫ്റ്റ് സൗകര്യവും എസ്കലേറ്ററും ഏർപ്പെടുത്തി കൂടുതൽ യാത്രക്കാരെ അവിടേക്ക് ആകർഷിക്കണം.
- റെയിൽവേയുടെ അധീനതയിലുള്ള ഇടിഞ്ഞുപൊളിഞ്ഞ ക്വാർട്ടേഴ്സുകൾ ഏറ്റെടുത്ത് ഫ്ലാറ്റുകളും മറ്റും നിർമിക്കണം.
- സിറ്റിയിലേക്കുള്ള തിരക്ക് കുറയ്ക്കാൻ കൊല്ലം ഭാഗത്തു നിന്നു വരുന്ന ട്രെയിനുകൾക്ക് പേട്ട സ്റ്റേഷനിൽ ഒരു മിനിറ്റ് സ്റ്റോപ് അനുവദിക്കണം.

### നടപ്പാലം



- കാൽനടയാത്രക്കാർക്ക് റോഡ് കുറുകെകടക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ എലിവേറ്ററും (യന്ത്രപ്പടി) വാക് ലേറ്ററുമുള്ള ആധുനിക സ്കൈവോക്കുകൾ നിർമിക്കണം. തമ്പാനൂർ മുതൽ കിഴക്കേക്കോട്ട വരെയും സെക്രട്ടേറിയറ്റ് ഭാഗത്തേക്കും ഇതു വേണം. റെയിൽവേ സ്റ്റേഷനെയും ബസ് ഡിപ്പോയെയും ബന്ധിപ്പിച്ചും സ്കൈവോക് വേണം.
- പനവിള മുതൽ ഇന്ത്യൻ കോഫി ഹൗസ് വരെയുള്ള ആമയിഴഞ്ചാൻ തോടിന്റെ ഭാഗങ്ങളിൽ ശാസ്ത്രീയമായ അഴുക്കുചാൽ സംവിധാനവും നടപ്പാതയും നിർമിക്കണം. മാലിന്യം തള്ളുന്നതു തടയാൻ ആമയിഴഞ്ചാൻ തോട് പൂർണമായും സ്ലാബ് ഇട്ടു മൂടണം.
- തമ്പാനൂർ, എസ്എംവി സ്കൂൾ ജംക്‌ഷൻ, പഴവങ്ങാടി എന്നീ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു തിരക്കു കുറയ്ക്കാൻ നടപടി സ്വീകരിക്കണം.

### പാർക്കിങ്




- തമ്പാനൂർ, എസ്എസ് കോവിൽ റോഡ്, മാഞ്ഞാലിക്കുളം റോഡ് തുടങ്ങിയ സ്ഥലങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ റോഡിന്റെ ഏതെങ്കിലും ഒരു ഭാഗത്തു മാത്രമായി പാർക്കിങ് നിശ്ചയിക്കണം.
- പാർക്കിങ് അനുവദിക്കാവുന്ന നഗരത്തിലെ ഏതു റോഡിലും വാഹനം പാർക്ക് ചെയ്യുന്നുണ്ടെങ്കിൽ മണിക്കൂറിന് നിശ്ചിത തുക കണക്കാക്കി ഫീസ് ഏർപ്പെടുത്തുക. ദീർഘനേരം അനധികൃതമായി പാർക്ക് ചെയ്യുന്നതു നിയന്ത്രിക്കാൻ ഇതു സഹായിക്കും.
- നഗരത്തിലെ മൾട്ടി ലവൽ കാർ പാർക്കിങ്ങിൽ ആവശ്യത്തിനു ജീവനക്കാരെ നിയമിക്കണം.
- റെയിൽവേ സ്റ്റേഷനിൽ യാത്രക്കാരെ ഇറക്കി പെട്ടെന്ന് പോകാൻ സാധിക്കുന്ന തരത്തിലുള്ള പ്രത്യേക 'പിക്ക് ആൻഡ് ഡ്രോപ്പ് പോയിന്റുകൾ വേണം.

## ആശ്വാസം; യാത്രക്കാർക്കും ഗതാഗതക്കുരുക്കിനും

സ്വകാര്യ ദീർഘദൂര ബസുകൾക്ക് ജഗതി ഗ്രൗണ്ടിൽ സ്ഥലം നൽകാനുള്ള നീക്കം വർഷങ്ങളായി നഗരം നേരിടുന്ന പ്രശ്നത്തിനു പരിഹാരമാകും. തിരുവനന്തപുരത്തു നിന്നു ബെംഗളൂരു, ചെന്നൈ, ഹൈദരാബാദ്, മംഗളൂരു, കോയമ്പത്തൂർ, കണ്ണൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കു ദിവസേന 78 ബസ് സർവീസുകളുണ്ട്. കൊല്ലത്തു നിന്നു വരുന്ന ബസുകളും കഴക്കൂട്ടത്തു നിന്നു സർവീസ് ആരംഭിക്കുന്നവയും ഇതിലുണ്ട്. ജഗതിയിൽ ഒരേക്കറോളം സ്ഥലം നൽകിയാൽ 60 ബസുകൾ പാർക്ക് ചെയ്യാം. ഇവിടെ യാത്രക്കാരെ വിടാൻ വരുന്നവരുടെ കാറുകളുടെ പാർക്കിങ്, യാത്രക്കാർക്ക് ശുചിമുറി സൗകര്യം, ബസ് കഴുകാനുള്ള സൗകര്യം, ജീവനക്കാർക്കുള്ള എസി വിശ്രമ കേന്ദ്രം എന്നിവയും ഒരുക്കിയാൽ യൂസർഫീ ഇനത്തിൽ നഗരസഭയ്ക്ക് സ്ഥിരം വരുമാനം ലഭിക്കും. ഇപ്പോൾ തമ്പാനൂരിൽ നാലിടത്തായി റോഡരികിൽ ബസുകൾ തിരിക്കുന്നതിനാൽ രാവിലെയും വൈകിട്ടും വലിയ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്.



## ടെൻഷൻ ഫ്രീ സ്കൈ വോക്ക്

റെയിൽവേ സ്റ്റേഷനെയും കെഎസ്ആർടിസിയെയും ബന്ധിപ്പിച്ചു സ്കൈവോക് നിർമിക്കണമെന്ന കാര്യത്തിൽ ആശയക്കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാവർക്കും ഒരേ അഭിപ്രായം. സ്കൈ വോക്കുമായി ബന്ധപ്പെട്ട് റെയിൽവേ സ്റ്റേഷൻ നവീകരണം നടത്തുന്ന കെആർഡിസിഎൽ അയച്ച കത്ത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കത്ത് ലഭിച്ചിട്ടുണ്ടെന്നും പല വിഷയങ്ങളിലും വ്യക്തത ആവശ്യമാണെന്നും കെഎസ്ആർടിസി എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്) ജി.പി.പ്രദീപ് കുമാർ പറഞ്ഞു. മെട്രോയുടെ അലൈൻമെന്റ് തീരുമാനിക്കാതെ സ്കൈ വോക്കിന്റെ കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കാൻ കഴിയില്ല. ഈ വിഷയത്തിൽ തുടർ ചർച്ചകൾക്കു തയാറാണെന്നു കെഎസ്ആർടിസി അറിയിച്ചു.